(ബി) കോഴ്സ് ഫീസിന്റെ പരമാവധി സംഖ്യ ധനസഹായമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'post matric scholarship'എന്ന പദ്ധതിപ്രകാരം ഈ വിദ്യാർത്ഥിനിക്ക് കേന്ദ്ര സഹായം ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

മുഖാരി/മൂവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

295 (960) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന മുഖാരി/മൂവാരി സമുദായത്തെ ജോലി സംവരണം ലഭിക്കുന്നതിനായി ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ;

(ബി) ഈ സമുദായാംഗങ്ങളുടെ കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മുഖാരി/മൂവാരി സമുദായത്തെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുസംബന്ധിച്ച കാര്യം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുമാത്രമേ ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പിന് നിലവിൽ അർഹതയുള്ളൂ. മുഖാരി/മൂവാരി സമുദായം സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സമുദായം കേന്ദ്ര ഒ.ബി.സി. പട്ടികയിൽ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. മുഖാരി/മൂവാരി സമുദായത്തെ സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly